## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5400 — 01/07/2019 ൽ മറുപടിക്ക്

# കരകൗശല വികസന കോർപ്പറേഷൻ എം.ഡി.യെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിലവിൽ ജോലി ചെയ്യുന്ന വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി തേടി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് എന്നറിയിക്കാമോ; | (എ) ഉണ്ട്. ഇത് സംബന്ധിച്ച് 23.10.2018 ലും തുടർന്ന് 11.06.2019 ലും നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (ബി) ഇല്ല. കരകൗശല വികസന കോർപ്പറേഷൻ എം. ഡി. യായി നിലവിൽ ജോലി ചെയ്യുന്ന വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ടിയാൾ കൃഷിവകുപ്പിന് കീഴിൽ ജോലി ചെയ്യവേ ഉണ്ടായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതിയായതിയാൽ ആവശ്യമായ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതിൽ അന്വേഷണത്തിന്റെ തൽസ്ഥിതി അറിയിക്കുവാനും പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുവാനും കൃഷി വകുപ്പ് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ